ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.08.2025**

## പ്രധാനവാർത്തകൾ

1) ചൈനയിൽ നാളെ ആരംഭിക്കുന്ന ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.
2) സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷം സെപ്റ്റംബർ മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
3) നെഹ്റു ട്രോഫി ജലോത്സവം ഇന്ന് പുന്നമടക്കായലിൽ. പങ്കെടുക്കുന്നത് 21 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പടെ 71 വള്ളങ്ങൾ.
4) കേരളത്തിൽ എട്ട് ലക്ഷം ഹെക്ടർ ഭൂമി ഡിജിറ്റൽ റീ സർവെ നടത്തിയതായി റവന്യൂ മന്ത്രി കെ രാജൻ.
5) അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിനായുള്ള ആരോഗ്യ വകുപ്പിൻറെ ജനകീയ ക്യാമ്പയിനിന് സംസ്ഥാനത്ത് തുടക്കം.
6) കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ട്രിവാൻഡ്രം റോയൽസ് - കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെയും, കൊച്ചി ബ്ലൂ ടൈഗേഴ്സ്- തൃശ്ശൂർ ടൈറ്റൻസിനെയും നേരിടും.

RNU TVPM

*******************************************************************

## ഷാങ്ഹായ് സഹകരണ സംഘടന

ഷാങ്ഹായ് സഹകരണ സംഘടന - എസ്.സി.ഒ യുടെ 25-ാമത് യോഗത്തിന് നാളെ ചൈനയിലെ ടിയാൻജിനിൽ തുടക്കം. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ആഗോള ഭരണത്തിൽ പുതിയ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നതിൽ ഈ ഉച്ചകോടി പ്രധാന പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാദേശിക സുരക്ഷ, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, അംഗരാജ്യങ്ങൾക്കിടയിൽ ഐക്യം വർദ്ധിപ്പിക്കൽ തുടങ്ങിയ നിർണായക വിഷയങ്ങളിൽ എസ്.സി.ഒ ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കും.

***********************************************************************

## പ്രധാനമന്ത്രി - ജപ്പാൻ

RNUTVPM

ഇന്ത്യയും, ജപ്പാനും തമ്മിലുള്ള തന്ത്രപരവും സാമ്പത്തികവും സാങ്കേതികവുമായ ബന്ധം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അടുത്ത ഒരു ദശാബ്ദത്തേക്കുള്ള സമഗ്രമായ മാർഗരേഖ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയും ചേർന്ന് പുറത്തിറക്കി. ഇന്നലെ ടോക്കിയോയിൽ നടന്ന 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിക്ക് ശേഷമാണ് ഇരു നേതാക്കളും പ്രഖ്യാപനം നടത്തിയത്. അടുത്ത 10 വർഷത്തിനുള്ളിൽ ഇന്ത്യയിൽ ജപ്പാൻ 10 ട്രില്യൺ യെൻ നിക്ഷേപം നടത്തുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

***********************************************************************

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത്, അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജല സ്രോതസുകൾ

വൃത്തിയാക്കാൻ ആരോഗ്യ വകുപ്പിൻറെ ജനകീയ ക്യാമ്പയിനിന് തുടക്കമായി. ഇതിന്റെ ഭാഗമായി ഇന്നും നാളെയും വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കുകയും ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ നടക്കുന്നത്.

***

## ഓണം വാരാഘോഷം (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 3 മുതൽ 9 വരെ നടക്കും. ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഓണം വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 3 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

RNUTVPM

(ഹോൾഡ്)

***

## പത്തനംതിട്ട -ഓണാഘോഷം

പത്തനംതിട്ട ജില്ലയിലെ ഓണാഘോഷ പരിപാടികൾക്ക് ഇന്ന് വൈകിട്ട് വിളംബര ഘോഷയാത്രയോടെ തുടക്കമാകും. സെപ്റ്റം ബർ 8 വരെ നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം ടൗൺ സ്ക്വയറിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാന ടൂറിസം വകുപ്പ്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, പത്തനംതിട്ട നഗരസഭ എന്നിവയുടെ ആഭിമുഖ്യത്തിലാണ് ഓണാഘോഷം സംഘടിപ്പിക്കുന്നത്.

**********************************************************************

## കെ.രാജൻ - റീ സർവെ

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ; എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന **'എന്റെ ഭൂമി'** ഡിജിറ്റൽ റീ സർവെ 58.65 ലക്ഷം ലാൻഡ് പാഴ്സലുകളിലായി എട്ട് ലക്ഷം ഹെക്ടറിലധികം ഭൂമി അളന്നു കഴിഞ്ഞതായി റവന്യൂ മന്ത്രി കെ രാജൻ. സർവെ ആരംഭിച്ച 529 വില്ലേജുകളിൽ 334 ഇടത്തും ഫീൽഡ് സർവേ പൂർത്തിയായി. ശേഷിക്കുന്ന 195 വില്ലേജുകളിൽ സർവേ ജോലികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കേരളത്തിലെ ആകെ 35 ലക്ഷം ഹെക്ടർ ഭൂമിയിൽ ഏഴ് ലക്ഷത്തോളം വനഭൂമി ഒഴികെ 28 ലക്ഷം ഹെക്ടറിൻ്റെ നാലിലൊന്നും അളന്ന് കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

**********************************************************************

RNU TVPM

## നെഹ്റു ട്രോഫി (ഇൻട്രോ)

ഓളപ്പരപ്പിലെ ഒളിമ്പിക്സ് എന്നറിയപ്പെടുന്ന നെഹ്റു ട്രോഫി ജലോത്സവം ആലപ്പുഴയിലെ പുന്നമടക്കായൽ നടക്കുകയാണ്.

ഉച്ചക്ക് 2 ന് മന്ത്രി മുഹമ്മദ് റിയാസ് വള്ളംകളി ഉദ്ഘാടനം ചെയ്യും. സിംബാബ്‌വെ വ്യവസായ വാണിജ്യ സെപ്യൂട്ടി മന്ത്രി രാജേഷ് കുമാർ ഇന്ദുകാന്ത് മോദിയാണ് മുഖ്യ അതിഥി. ആലപ്പുഴ ജില്ലയ്ക്ക് ഇന്ന് പ്രാദേശിക അവധിയും നൽകിയിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ......**

(വോയിസ്)

ആകാശവാണിയും ദൂരദർശനും മത്സരങ്ങൾ തത്സമയം സംപ്രേക്ഷണം ചെയ്യും. മഴയിലും ആവേശം ചോരാതെ ചെറുവള്ളങ്ങളുടെ പ്രാഥമികതല മത്സരം പുന്നമടക്കായലിൽ പുരോഗമിക്കുകയാണ്.

***************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്.

***************************************************************

PNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

***************************************************************

## താമരശ്ശേരി ചുരം (ഇൻട്രോ)

മണ്ണിടിച്ചിലുണ്ടായ കോഴിക്കോട് താമരശ്ശേരി ചുരം വഴി KSRTC ബസുകൾ ഉൾപ്പെടെ വാഹനങ്ങൾ നിയന്ത്രണ വിധേയമായി കടത്തിവിട്ടു തുടങ്ങി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു.......**

(വോയിസ്)

*******************************************************************

## തുരങ്കപാത നിർമാണം- മുഖ്യമന്ത്രി

കോഴിക്കോട് ,വയനാട് അതിർത്തിയിലെ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. താമരശ്ശേരി ചുരത്തിന്റെ ബദലായാണ് 8.73 കിലോമീറ്റർ നീളമുള്ള നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ പദ്ധതി ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് പദ്ധതിയുടെ നിർവഹണ ചുമതല.

*******************************************************************

## നശാ മുക്ത് ന്യായ അഭിയാൻ

ലഹരി വിരുദ്ധ ക്യാമ്പയിനായ നശാ മുക്ത് ന്യായ അഭിയാന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം സുപ്രീകോടതി ജഡ്ജിയും നാഷണൽ ലീഗൽ സർവീസ് അതോറിറ്റി സർവീസ് എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് സൂര്യകാന്ത് നിർവഹിക്കും. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ, മന്ത്രി എം ബി രാജേഷ് എന്നിവർ പങ്കെടുക്കും.

RNU TVPM

*******************************************************************

## തൃശൂർ ദേശീയപാത -ഗതാഗതകുരുക്ക്

തൃശൂർ ദേശീയപാതയിൽ മുടിക്കോട് സെൻ്ററിൽ പുലർച്ച മുതൽ രൂക്ഷമായ ഗതാഗത കുരുക്ക്. രാവിലെ നാലരയ്ക്ക് തുടങ്ങിയ ഗതാഗതക്കുരുക്കിന് ഉച്ചയോടെയാണ് നേരിയ ശമനം

ഉണ്ടായത്. ഉച്ചവരെ ആംബുലൻസിന് പോലും കടന്നുപോകാൻ കഴിയാത്ത സ്ഥിതിയായിരുന്നു. സർവീസ് റോഡിൻറെ തകർച്ചയാണ് ഗതാഗതക്കുരുക്കിന് കാരണമായത്.

*****************************************************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് നടക്കുന്ന മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെയും, വൈകിട്ട് കൊച്ചി ബ്ലൂ ടൈഗേഴ്സ് തൃശ്ശൂർ ടൈറ്റൻസിനെയും നേരിടും.

*****************************************************************

## ജോർജ് കുര്യൻ

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. നാളെ കൊല്ലം തേവള്ളിയിൽ മൻ കി ബാത്ത് പരിപാടിയുടെ പ്രക്ഷേപണത്തിലും അദ്ദേഹം ഭാഗമാകും.

RNUTVPM

*****************************************************************

## ആറളം ഫാം- ആന

കണ്ണൂർ ആറളം ഫാം പുനരധിവാസ മേഖലയിൽ ആനയുടെ അസ്ഥികൂടവും അവശനിലയിലായ കുട്ടിയാനയെയും കണ്ടെത്തി. പട്രോളിങ്ങിനിടെ വനപാലകസംഘമാണ് ബ്ലോക്ക് 10 ലെ കോട്ടപ്പാറയിൽ മൂന്നു വയസ്സ് പ്രായം വരുന്ന കുട്ടിയാനയെയും ആനയുടെ അസ്ഥികൂടവും കണ്ടെത്തിയത്. അവശനിലയിൽ കണ്ടെത്തിയ കുട്ടിയാനയുടെ ശരീരത്തിൽ പരിക്കുകളോ മറ്റു അസ്വാഭാവികതകളോ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടില്ലെന്ന് വനംവകുപ്പ് അറിയിച്ചു.

കുട്ടിയാനയുടെ ചികിത്സക്കായി വിദഗ്ധ സംഘം ഇന്ന് ആറളത്തെത്തുമെന്നും വനം വകുപ്പ് വ്യക്തമാക്കി.

*******************************************************************

## കണ്ണൂർ - സ്ഫോടനം

കണ്ണൂർ കണ്ണപുരം കീഴറയിലെ വീട്ടിൽ ഇന്ന് പുലർച്ചയുണ്ടായ ബോംബ് സ്ഫോടനത്തിൽ മരിച്ചത് കണ്ണൂർ ചാലാട് സ്വദേശി മുഹമ്മദ് ഹാഷാമാണെന്ന് തിരിച്ചറിഞ്ഞു. വീടിന്റെ ഒരു ഭാഗം പൂർണമായി തകർന്നു. സമീപത്തെ വീടുകൾക്കും കേടു പറ്റിയിട്ടുണ്ട്. സംഭവത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് എസിപി അന്വേഷിക്കുമെന്ന് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

*******************************************************************

## കാട്ടാന - ജാഗ്രത

കണ്ണൂർ ചെറുവാഞ്ചേരി ഇളമാങ്കൽ ഉന്നതി ഭാഗത്ത് തമ്പടിച്ച കാട്ടാനകളെ തുരത്തുന്നതിനായുള്ള നടപടികൾ വനംവകുപ്പ് ആരംഭിച്ചു. പ്രദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

RAJU TVPM

*************************************************************************************************************************

*********************************************************************************

*******************************************************************